**സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോംഗ് എജ്യുക്കേഷൻ-കേരള,തിരുവനന്തപുരം**

# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

സ്കോൾ-കേരള - ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ - ഡിപ്ലോമ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് ഇവയുടെ ഡ്യൂപ്ലിക്കേറ്റ് അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**സ്കോൾ-കേരള**

ഉത്തരവ് നമ്പർ. ഡി.സി.എ/1898/16/സ്കോൾ-കേരള തീയതി: 08.02.2017

---

പരാമർശം : 1. 05.02.2018-ലെ സ്കോൾ കേരള അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥരുടെ യോഗ മിനിട്സ് ഐറ്റം നം. 2

2. 07.02.2018 ലെ ഇതേ നമ്പർ കുറിപ്പ് ഫയൽ ഉത്തരവ്

## ഉത്തരവ്

സ്കോൾ-കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന്റെ ഡിപ്ലോമ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ ഡ്യൂപ്ലിക്കേറ്റ് അനുവദിക്കുന്നതിന് ചില നടപടിക്രമങ്ങൾ പാലിക്കാൻ പരാമർശം(1) പ്രകാരം തീരുമാനമായിരുന്നു. ആയത് വിശദമായി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് ഡിസിഎ ഡിപ്ലോമ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ ഡ്യൂപ്ലിക്കേറ്റ് അനുവദിക്കാൻ സ്കോൾ കേരള എക്സിക്യൂട്ടീവ് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

**മാനദണ്ഡങ്ങൾ**

എ) ഡിപ്ലോമ സർട്ടിഫിക്കറ്റ്

ഡിപ്ലോമ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാനാകാത്ത വിധം നഷ്ടപ്പെട്ടതായി 100 രൂപ മുദ്രപ്പത്രത്തിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 400/- രൂപ ഫീസ്, സ്കോൾ കേരള അക്കൗണ്ടിൽ അടച്ച അസൽ ചെലാൻ, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ബി. മാർക്ക് ലിസ്റ്റ്

അസൽ മാർക്ക് ലിസ്റ്റ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതായി 100 രൂപ മുദ്രപത്രത്തിൽ അംഗീകൃത നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 200/- രൂപ ഫീസ്, സ്കോൾ കേരളയുടെ അക്കൗണ്ടിൽ അടച്ച അസൽ ചെലാൻ, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സി. അസൽ ഡിപ്ലോമാ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചാൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയ്ക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ യഥാക്രമം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്, നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് ഹാജരാക്കേണ്ടതില്ല. എന്നാൽ കേടുപാട് സംഭവിച്ച അസൽ സർട്ടിഫിക്കേറ്റ്, മാർക്ക്‌ലിസ്റ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

പകർപ്പ്

സെക്രട്ടറി, സ്കോൾ-കേരള
എക്സിക്യൂട്ടീവ് ഡയറക്ടർ/സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ

C5/E/SCOLE/DCA/proce/5